പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3047 — 10.12.2018-ൽ മറുപടിയ്ക്ക്

# മലയോര ഹൈവേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ എവിടെ തുടങ്ങി എവിടെ അവസാനിപ്പിക്കുമെന്നും എത്ര കിലോമീറ്റർ ദൂരമാണെന്നും വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ പാറശ്ശാലയിൽ നിന്നാരംഭിച്ച് കൊല്ലായിൽ അവസാനിക്കുന്നു. 61.705 കി.മീ.ദൂരം നവീകരിക്കുന്നുണ്ട്. |
| (ബി) | അതിൽ എത്ര കിലോമീറ്റർ ദൂരം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുമെന്നും എവിടെ തുടങ്ങി എവിടെ അവസാനിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | മലയോര ഹൈവേയുടെ അലൈൻമെന്റ് 18 കി.മീ.ദൂരം വാമനപുരം മണ്ഡലത്തിൽ കൂടി കടന്നു പോകുന്നുണ്ട്. വാമനപുരം മണ്ഡലത്തിൽ മലയോര ഹൈവേ ചല്ലിമുക്ക് എന്ന സ്ഥലത്ത് നിന്ന് ആരംഭിച്ച് ചായം - പെരിങ്ങമല റോഡിൽ തോട്ടുമുക്ക് എന്ന സ്ഥലത്ത് അവസാനിക്കുന്നു. ഇതിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി 14.5 കി.മീ.ദൂരം നവീകരിക്കുന്നുണ്ട്. ബാക്കി 3.50 കി.മീ.ദൂരം പാലോട് - ബ്രൈമൂർ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്. ആയതിന്റെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു. |

**പദ്ധതിയുടെ പേര്**

1) കിഫ്ബി മലയോര ഹൈവേ - കള്ളിക്കാട് - പാറശ്ശാല (ഫസ്റ്റ് ഫേസ്) കടപ്പനമൂട് - പാറശ്ശാല കി.മീ. 15/715 – 28/760 & കി.മീ, 31/410 – 33/860.

**നിലവിലെ സ്ഥിതി**

ഒന്നാംഘട്ടം പാറശ്ശാല മുതൽ കടപ്പനമൂട് വരെ 15.495 കി.മീ.ദൂരം ടെൻഡർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിച്ചു.

**പദ്ധതിയുടെ പേര്**

2) കിഫ്ബി മലയോര ഹൈവേ - കള്ളിക്കാട് - പാറശ്ശാല (സെക്കന്റ് ഫേസ്) കള്ളിക്കാട് - കടപ്പനമൂട് കി.മീ.0/000 – 15/715

**നിലവിലെ സ്ഥിതി**

രണ്ടാം ഘട്ടം കള്ളിക്കാട് മുതൽ കടപ്പനമൂട് വരെ 15.715 കി.മീ. ദൂരം. ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിക്കുന്നതിലേയ്ക്കായി റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ കാട്ടാക്കട തഹസീൽദാരുടെ മേൽനോട്ടത്തിൽ നടന്നുവരുകയാണ്. ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കേണ്ടതുണ്ട്.

**പദ്ധതിയുടെ പേര്**

3) കിഫ്ബി - ഇംപ്രൂവ്മെന്റ്സ് ടു കൊല്ലയിൽ കള്ളിക്കാട്(ചല്ലിമുക്ക്, പാലോട്, വിതുര – ഇരുത്തലമൂല, ആര്യനാട്, കള്ളിക്കാട്) - തിരുവനന്തപുരം ജില്ല.

**നിലവിലെ സ്ഥിതി**

ഡി.പി.ആർ. സമർപ്പിച്ചു. കിഫ്ബി അംഗീകരിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കേണ്ടതുണ്ട്.

**പദ്ധതിയുടെ പേര്**

4) കിഫ്ബി - ഇംപ്രൂവ്മെന്റ്സ് ടു ഹിൽ ഹൈവേ - പെരിങ്ങമല – വിതുര (കൊപ്പം) - (9.45 കി.മീ)

**നിലവിലെ സ്ഥിതി**

ഡി.പി.ആർ സമർപ്പിച്ചു. കിഫ്ബി അംഗീകരിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കേണ്ടതുണ്ട്.

**പദ്ധതിയുടെ പേര്**

5) കിഫ്ബി - മലയോര ഹൈവേ - പാലങ്ങൾ കള്ളിക്കാട് (2 എണ്ണം) & പാറശ്ശാല ആർ.ഒ.ബി.

**നിലവിലെ സ്ഥിതി**

ഡിസൈൻ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ